# കക്കോടിയിൽ വെളിവായത് സി.പി.എമ്മിന്റെ ഫാഷിസ്റ്റ് മുഖം

റിപ്പോർട്ട് ● സാമിർ ജലീൽ ഉള്ള്യേരി

**കോഴിക്കോട്:** ജമാഅത്തെ ഇസ്‌ലാമിയെ ജനാധിപത്യം പഠിപ്പിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന സി.പി.എം ജനാധിപത്യത്തെയും ജനമുന്നേറ്റത്തെയും എത്ര ഭീതിയോടെയും അസഹിഷ്ണുതയോടെയുമാണ് നോക്കിക്കാണുന്നതെന്നതിന്റെ ഉദാഹരണമാണ് കോഴിക്കോട് ജില്ലയിലെ കക്കോടിയിൽ ജനകീയ വികസന മുന്നണി പ്രഖ്യാപന സമ്മേളനത്തിൽ നുഴഞ്ഞുകയറി അക്രമം അഴിച്ചുവിട്ടതിലൂടെ തെളിഞ്ഞിരിക്കുന്നത്. സംസ്ഥാനം ഭരിക്കുന്ന പാർട്ടി തദ്ദേശസ്ഥാപനങ്ങളിലേക്ക് വരാൻപോകുന്ന തെരഞ്ഞെടുപ്പിനെ ഇത്ര 'വേവലാതിയോടെ' നേരിടാൻ ഒരുങ്ങുമ്പോൾ ജനാധിപത്യ കേരളത്തിലെ കറുത്തപാടായി മാറുകയാണ് കക്കോടിയിലെ അക്രമം.

ജനകീയ ശബ്ദങ്ങളെ അടിച്ചൊതുക്കുന്ന സി.പി.എമ്മിന്റെ ഫാഷിസ്റ്റ് സമീപനത്തിന് തെളിവാണിത്. പ്രാദേശിക ഭരണകൂടങ്ങളിലെ അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും മൂലവും സാധാരണക്കാരിൽ നിന്ന് അകന്നുപോയ പാർട്ടിയുടെ ആശയപാപ്പരത്തമാണ് ഇതിലൂടെ വെളിവായിരിക്കുന്നത്.

കക്കോടി പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മൂന്നാം നിലയിലുള്ള കമ്യൂണിറ്റി ഹാളിൽ ജനകീയ വികസന മുന്നണി സംഘടിപ്പിച്ച പ്രഖ്യാപന സമ്മേളനത്തിലാണ് സി.പി.എമ്മിന്റെ പ്രാദേശിക നേതാക്കളടങ്ങുന്ന സംഘം തേർവാഴ്ച നടത്തിയത്. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന പൊളിറ്റിക്കൽ സെൽ സെക്രട്ടറി ഹമീദ് വാണിമേൽ ഉദ്ഘാടനവും പി. സ്വാലിഹ് പഞ്ചായത്ത് വികസന രേഖ അവതരണവും നടത്തിയശേഷം പ്രമോദ് ഷമീർ പ്രസംഗിച്ചുകൊണ്ടിരിക്കെ ഹാളിൽ നേരത്തെ ഇടംപിടിച്ച സംഘം ബഹളം വെക്കുകയും അക്രമം തുടങ്ങുകയുമായിരുന്നു. ബഹളം തുടങ്ങിയതോടെ ഹാളിന് താഴെ നിലയുറപ്പിച്ച അമ്പതോളം വരുന്ന സംഘം യോഗസ്ഥലത്തേക്ക് ഇരച്ചുക



സി.പി.എം അക്രമത്തിൽ പരിക്കേറ്റവർ

യറുകയും പട്ടിക കഷ്ണങ്ങൾ, സൈക്കിൾ ചെയിൻ, ഇടിക്കട്ട, ഇഷ്ടിക എന്നിവ കൊണ്ട് പ്രവർത്തകരെ തെരഞ്ഞുപിടിച്ച് മർദിക്കുകയുമായിരുന്നു.

യോഗത്തിൽ അധ്യക്ഷം വഹിച്ച വികസനമുന്നണി പഞ്ചായത്ത് ചെയർമാൻ മോരിക്കര പറമ്പത്ത് മുജീബിനെ വളഞ്ഞിട്ട് മർദിച്ചു. ഇഷ്ടികയും പട്ടികകഷ്ണവും ഉപയോഗിച്ചായിരുന്നു മർദനം. ചവിട്ടേറ്റ് നിലത്ത് വീണ മുജീബിന്റെ പുറത്തും തലക്കും ഇഷ്ടികകൊണ്ട് കുത്തി പരിക്കേൽപിച്ചു. തലക്ക് തുന്നിട്ട മുജീബ് മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. നാഭിക്കേറ്റ ചവിട്ട് കാരണം മൂത്രതടസ്സവും അനുഭവപ്പെടുന്നുണ്ട്. കസേരകൊണ്ടുള്ള അടിയേറ്റ് തലപൊട്ടിയ പേങ്ങാട്ടിൽ സ്വാലിഹിനെ ഹാളിൽനിന്ന് പുറത്തേക്ക് താങ്ങിപിടിച്ചുകൊണ്ടുവന്നപ്പോഴാണ് താഴെ കാത്തിരുന്ന ഗുണ്ടാസംഘം മുജീബിനെ ആക്രമിച്ചത്. ഇരുവരോടും യോഗഹാളിൽ നിന്ന് സുരക്ഷിതമായി പുറത്തേക്ക് പോകാമെന്ന് പറഞ്ഞ് കൂടെവന്ന രണ്ട് പോലീസുകാർ താഴെ മർദനം തുടങ്ങിയതോടെ ഹാളിലേക്ക് തിരിച്ചു കയറിപ്പോവുകയായിരുന്നുവത്രെ. ബോധം മറയുംവരെ മർദിച്ച സംഘം പിൻവാങ്ങിയ ശേഷമാണ് ഇരുവരെയും ആശുപത്രിയിൽ എത്തിച്ചത്. യോഗഹാളിൽ ഉണ്ടായിരുന്ന സ്പെഷൽ ബ്രാഞ്ച് എസ്.ഐ ഉണ്ണിരാജ, എ.എസ്.ഐ ഫൈസൽ എന്നിവർക്ക് ഇടിക്കട്ട കൊണ്ടാണ് മർദനമേറ്റത്. ഇരുവരും ബീച്ചാശുപത്രിയിൽ ചികിത്സയിലാണ്. പാലത്ത് കുളംകുള്ളി മീത്തൽ ഷാഹുൽഹമീദ്, മക്കട അബ്ദുൽ റഷീദ്, ഒ.വി റഫീഖ്, ഒ. ജമാൽ, കെ. ഫൈസൽ, എൻ.ടി ഫൈസൽ, ഷാജി കുറുഞ്ഞോളി, സുഹറ കക്കോടി, നസീറ എന്നിവർക്കും അക്രമത്തിൽ പരിക്കേറ്റു. മോരിക്കര കോറോത്ത്താഴെ മഅസൂമിനെ മർദിച്ച് വീഴ്ത്തിയ അക്രമികൾ പട്ടികകൊണ്ട് കൈ അടിച്ച് പൊട്ടിച്ചു. ബോധം മറയുംവരെ തന്നെ മർദിച്ചതായി മഅ്സൂം പറഞ്ഞു. അഴിഞ്ഞാട്ടം കാമറയിൽ പകർത്തുകയായിരുന്ന പ്രാദേശിക ചാനലായ സ്പൈഡർനെറ്റിന്റെ കാമറാമാൻ അനൂപിനെ മർദിച്ച സംഘം കാമറ അടിച്ചു തകർത്തു. യോഗഹാളിനു പുറത്ത് നിർത്തിയിട്ടിരുന്ന നിരവധി കാറുകളും ബൈക്കുകളും ഓട്ടോറിക്ഷകളും നശിപ്പിച്ചു. അക്രമിസംഘം നിരവധി പേരുടെ മൊബൈൽ ഫോണുകൾ തട്ടിപ്പറിച്ചു. മഫ്ടിയിലുണ്ടായിരുന്ന സ്പെഷൽ ബ്രാഞ്ച് പോലീസുകാർക്ക് പരിക്കേറ്റിട്ടും സ്ഥലത്തുണ്ടായിരുന്ന പോലീസ് കാഴ്ചക്കാരായി നിൽക്കുകയായിരുന്നു. യോഗഹാളിലെ സ്ത്രീകൾ കാണിച്ച അസാമാന്യ ധൈര്യം മൂലമാണ് ഹമീദ് വാണിമേലും സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് റസാഖ് പാലേരിയും അക്രമികളിൽനിന്ന് രക്ഷപ്പെട്ടത്.

പതിനഞ്ച് മിനിറ്റോളം അഴിഞ്ഞാടിയ അക്രമികൾക്ക് വേണ്ട നിർദേശങ്ങൾ നൽകി സി.പി.എമ്മിന്റെ പ്രാദേശിക നേതാക്കൾ സ്ഥലത്ത് നിലയുറപ്പിച്ചിരുന്നു. കൂടുതൽ പോലീസ് സ്ഥലത്തെത്തിയ ശേഷമാണ് യോഗഹാളിൽ കുടുങ്ങിപ്പോയ സ്ത്രീകളടക്കമുള്ളവർക്ക് പുറത്ത് കടക്കാനായത്.

കക്കോടിയിലെ അക്രമം ആസൂത്രിതമാണെന്നും സി.പി.എം നേതൃത്വം അണികളെ ജനാധിപത്യ മര്യാദകൾ പഠിപ്പിക്കാൻ തയാറാവണമെന്നും ജമാഅത്തെ ഇസ്‌ലാമി ജില്ലാ സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. ജനാധിപത്യ രാജ്യത്ത് അഭിപ്രായ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടാനും കൈയൂക്ക് കൊണ്ട് നേരിടാനുമുള്ള നീക്കം ഗുരുതര പ്രത്യാഘാതങ്ങൾക്ക് വഴിവെക്കുമെന്ന് സെക്രട്ടറിയേറ്റ് മുന്നറിയിപ്പ് നൽകി. നിയമപാലകരെയും മാധ്യമപ്രവർത്തകരെയും സ്ത്രീകളെയും അക്രമിച്ചവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് പി.സി ബഷീർ, സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് റസാഖ് പാലേരി, വികസനമുന്നണി അസി. കൺവീനർ പി. ഷാജൽ എന്നിവർ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

വ്യക്തികൾക്കും സംഘങ്ങൾക്കും നേരെ തുടർച്ചയായി സി.പി.എം അക്രമം നടത്തിക്കൊണ്ടിരിക്കുന്നത്, ജനപിന്തുണ നഷ്ടപ്പെട്ടതിനാലും ഭരണപരാജയം മറച്ചുവെക്കാനുമാണെന്നും അക്രമത്തിനെതിരെ കേരളീയ സമൂഹം പ്രതികരിക്കണമെന്നും ജനതാദൾ എസ് സംസ്ഥാന പ്രസിഡന്റ് എം.പി വീരേന്ദ്രകുമാർ പറഞ്ഞു. കക്കോടിയിലെ സി.പി.എം അക്രമം ജനാധിപത്യ വിരുദ്ധവും ഫാഷിസവുമാണെന്ന് യു.ഡി.എഫ് ജില്ലാ കൺവീനർ അഡ്വ. എം. വീരാൻകുട്ടി പറഞ്ഞു. സി.പി.എം നാട്ടിൽ അക്രമം വ്യാപിപ്പിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജനപിന്തുണ നഷ്ടപ്പെട്ട സി.പി.എമ്മിന്റെ ഫാഷിസ്റ്റ് നടപടിയാണ് കക്കോടി സംഭവമെന്ന് ഇടത് ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി എം.ആർ മുരളി പറഞ്ഞു.

ജനാധിപത്യ സംവിധാനത്തിൽ പരിപാടികൾ നടത്തുന്നവരെ അക്രമിക്കുന്നത് ഫാഷിസ്റ്റ് പ്രവണതയാണെന്നും കക്കോടിയിൽ നടന്നത് പാലേരിയിൽ നടന്നതിന്റെ തുടർച്ചയാണെന്നും പരിസ്ഥിതി

പ്രവർത്തകൻ സി.ആർ നീലകണ്ഠൻ കുറ്റപ്പെടുത്തി.

എതിർക്കുന്നവരെ മസിൽപവർ ഉപയോഗിച്ച് ഇല്ലാതാക്കുക എന്ന ഫാഷിസ്റ്റ് സമീപനമാണ് സി.പി.എം സ്വീകരിച്ചിരിക്കുന്നതെന്നും ഇത് ജനാധിപത്യത്തിനും സമാധാന ജീവിതത്തിനും ഭീഷണിയാണെന്നും ബി.ജെ.പി നേതാവ് പി.എസ് ശ്രീധരൻപിള്ള പറഞ്ഞു.

ആശയത്തെ ആശയപരമായി നേരിടാൻ സി.പി.എം തയാറാവണമെന്നും അഭിപ്രായവ്യത്യാസമുള്ളവരെ കൈയൂക്കിന്റെ രാഷ്ട്രീയം കൊണ്ട് നേരിടുന്നത് പൊതു സമൂഹത്തോടുള്ള വെല്ലുവിളിയാണെന്നും എം.കെ രാഘവൻ എം.പി പറഞ്ഞു.

കക്കോടിയിൽ സി.പി.എം നടത്തിയ അക്രമം ജനാധിപത്യ കേരളത്തിന് കളങ്കമാണെന്ന് എസ്.ഡി.പി.ഐ സംസ്ഥാന പ്രസിഡന്റ് അഡ്വ. കെ.പി മുഹമ്മദ് ഷരീഫ് പറഞ്ഞു.

സി.പി.എം അക്രമത്തിൽ പ്രതിഷേധിച്ച് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധ പ്രകടനങ്ങൾ നടന്നു.

ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി, അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, എം.ഐ അബ്ദുൽ അസീസ്, ജനറൽ സെക്രട്ടറി എം.കെ മുഹമ്മദലി, സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ, റസാഖ് പാലേരി, ടി. മുഹമ്മദ് വേളം, സി. ദാവൂദ്, പി.ഐ നൗഷാദ്, ഹമീദ് വാണിമേൽ, സോളിഡാരിറ്റി മുൻ സംസ്ഥാന പ്രസിഡന്റ് ഹമീദ് വാണിയമ്പലം, കെ.എം സുലൈഖ, കെ.കെ റഹീന തുടങ്ങിയവർ പരിക്കേറ്റവരെ മെഡിക്കൽ കോളേജിൽ സന്ദർശിച്ചു. ■